**പഠന പിന്തുണാ സാമഗ്രി**
**മലപ്പുറം വിദ്യാഭ്യാസ ജില്ല**

## വർക്ക്ഷീറ്റ് -2, 10-ാം തരം കേരളാ പാഠാവലി
## പാഠ ഭാഗം - ഋതുയോഗം

1 **വിശകലനക്കുറിപ്പ് തയ്യാറാക്കുക**

'പ്രിയേ ഞാൻ പ്രവർത്തിച്ചത് ക്രൂരതയാണെങ്കിലും അതു നിന്റെ പേരിലാകയാൽ അനുകൂലമായി കലാശിച്ചു.'
വിശകലനക്കുറിപ്പ് തയ്യാറാക്കി നോക്കാം..
കുറിപ്പിൽ എന്തെല്ലാം ഉൾക്കൊള്ളിക്കണം?
ആര് ആരോട് എപ്പോൾ പറയുന്നു?സന്ദർഭം വ്യക്തമാക്കാം.
പ്രവർത്തിച്ച ക്രൂരതയെന്താണ്?
നിന്റെ പേരിലാകയാൽ അനുകൂലമായി എന്നു പറയുന്നത് എന്തുകൊണ്ടാണ്? (ദുഷ്യന്തന്റെ മറവിക്ക് കാരണമായി പറയുന്ന ശകുന്തളയുടെ ജീവിതത്തിലുണ്ടായ ശാപ കഥ സൂചിപ്പിക്കണം )
അനുകൂലമായി കലാശിച്ചതെന്താണ്?
ഇവിടെ ദുഷ്യന്തന്റെ മാനസികാവസ്ഥ എന്താണ്?
മേൽ കാര്യങ്ങളെല്ലാം സൂചിപ്പിച്ചു കൊണ്ട് വിശകലനക്കുറിപ്പ് തയ്യാറാക്കുക

2 **കാവ്യഭംഗി വ്യക്തമാക്കുക**

'മാല്യം മൂർദ്ധാവിലിട്ടാൽ തല കുടയുമുടൻ
പാമ്പിതെന്നോതിയന്ധൻ '
ഈ വരികളിലെ കാവ്യഭംഗി താഴെ പറയുന്ന കാര്യങ്ങൾ ഉൾക്കൊള്ളിച്ച് തയ്യാറാക്കി നോക്കൂ..
സന്ദർഭം ഏതാണ്?
തന്നിട്ടുള്ള വരികളുടെ ആശയമെന്താണ്?
പ്രയോഗങ്ങൾ സന്ദർഭത്തിന് എങ്ങനെ യോജിക്കുന്നു?
ദുഷ്യന്തന്റെ മാനസികാവസ്ഥ വ്യക്തമാക്കാൻ പ്രയോഗങ്ങൾ സഹായിക്കുന്നതെങ്ങനെ?
ഇക്കാര്യങ്ങൾ വിശകലനം ചെയ്ത് കാവ്യഭംഗി വിശദീകരിക്കുക

തയ്യാറാക്കിയത്:
നിഷ ടീച്ചർ, GHSS ഇരുമ്പുഴി)
അബ്ദുള്ളക്കുട്ടി എടവണ്ണ
SHMGVHSS എടവണ്ണ